**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2024** **02-02-2024 - ൽ മറുപടിയ്ക്ക്**

**കഞ്ചിക്കോട് ഗവൺമെന്റ് ഹൈസ്കൂൾ സ്റ്റേഡിയം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പ്രഭാകരൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | 2020-21 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ഒന്നര കോടി രൂപ വകയിരുത്തിയ മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് ഗവൺമെന്റ് ഹൈസ്കൂൾ സ്റ്റേഡിയം നിർമ്മാണം എന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | 2020 - 21 സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെട്ട മലമ്പുഴ നിയോജക മണ്ഡലത്തിലെ കഞ്ചിക്കോട് ഗവൺമെന്റ് ഹൈസ്കൂൾ സ്റ്റേഡിയം നിർമ്മാണത്തിനായി സർക്കാർ ഉത്തരവ് (സാധാ) നം. 62/2023/കാ.യു.വ തീയതി 23.02.2023 പ്രകാരം 1.50 കോടി രൂപയുടെ ഭരണാനുമതി നല്കിയിരുന്നു. ടി പദ്ധതിക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ 1,39,12,000/- രൂപയുടെ സാങ്കേതികാനുമതി നൽകി ദർഘാസ് ക്ഷണിച്ചിരുന്നു. എന്നാൽ ടി ടെണ്ടറിൽ ഒരാൾ മാത്രമേ പങ്കെടുത്തിരുന്നുള്ളൂ ആയതിനാൽ ടി പ്രവൃത്തിയ്ക്ക് റീ ടെണ്ടർ ക്ഷണിക്കുകയും ആയതിൻ പ്രകാരം 4 ബിഡ്ഡുകൾ ലഭിക്കുകയും ചെയ്തു. അതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ.എം.ഷഫീഖ്, കോഴിക്കോട് എന്ന കരാറുകാരന് 30.10.2023 തീയതിയിൽ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. എന്നാൽ കരാറുകാരൻ എഗ്രിമെന്റിൽ ഏർപ്പെടാത്ത സാഹചര്യത്തിൽ 11.12.2023, 18.01.2024 എന്നീ തീയതികളിൽ കത്തുകൾ അയച്ചതിന്റെ അടിസ്ഥാനത്തിൽ ടി പ്രവൃത്തിയുടെ കരാറിൽ ഏർപ്പെടാൻ കരാറുകാരൻ സന്നദ്ധത അറിയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഫൈനോട്ടുകൂടി കരാറുകാരനുമായി പ്രസ്തുത കരാറിൽ ഏർപ്പെട്ടതിനു ശേഷം പ്രവൃത്തി എത്രയും വേഗം ആരംഭിക്കുന്നതിന് വേണ്ട നടപടികൾ കൈക്കൊള്ളുന്നതാണ്. |
| (ബി) | പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ബി) | 2020 - 21 സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെട്ട മലമ്പുഴ നിയോജക മണ്ഡലത്തിലെ കഞ്ചിക്കോട് ഗവൺമെന്റ് ഹൈസ്കൂൾ സ്റ്റേഡിയം നിർമ്മാണത്തിനായി സർക്കാർ ഉത്തരവ് (സാധാ) നം. 62/2023/കാ.യു.വ തീയതി 23.02.2023 പ്രകാരം 1.50 കോടി രൂപയുടെ ഭരണാനുമതി നല്കിയിരുന്നു. ടി പദ്ധതിക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ |

| | | | |
|---|---|---|---|
| | | | 1,39,12,000/- രൂപയുടെ സാങ്കേതികാനുമതി നൽകി ദർഘാസ് ക്ഷണിച്ചിരുന്നു. എന്നാൽ ടി ടെണ്ടറിൽ ഒരാൾ മാത്രമേ പങ്കെടുത്തിരുന്നുള്ളൂ ആയതിനാൽ ടി പ്രവൃത്തിയ്ക്ക് റീ ടെണ്ടർ ക്ഷണിക്കുകയും ആയതിൻ പ്രകാരം 4 ബിഡ്ഡുകൾ ലഭിക്കുകയും ചെയ്തു. അതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ.എം.ഷഫീഖ്, കോഴിക്കോട് എന്ന കരാറുകാരന് 30.10.2023 തീയതിയിൽ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. എന്നാൽ കരാറുകാരൻ എഗ്രിമെന്റിൽ ഏർപ്പെടാത്ത സാഹചര്യത്തിൽ 11.12.2023, 18.01.2024 എന്നീ തീയതികളിൽ കത്തുകൾ അയച്ചതിന്റെ അടിസ്ഥാനത്തിൽ ടി പ്രവൃത്തിയുടെ കരാറിൽ ഏർപ്പെടാൻ കരാറുകാരൻ സന്നദ്ധത അറിയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഫൈനോട്ടുകൂടി കരാറുകാരനുമായി പ്രസ്തുത കരാറിൽ ഏർപ്പെട്ടതിനു ശേഷം പ്രവൃത്തി എത്രയും വേഗം ആരംഭിക്കുന്നതിന് വേണ്ട നടപടികൾ കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ